LIBRARY ARCHIVES Kerala Legislative Assembly

ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

111 (111) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയക്രമം അറിയിക്കാമോ?

(എ&ബി) നിലവിൽ അനുവദിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായതിനുശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ ഉചിതമായി പരിശോധിക്കുന്നതാണ്.

അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം

112 (112) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്റ്റേഷനിലെ സ്ഥലപരിമിതിമൂലം പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അരൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അരൂർ വില്ലേജിൽ സർവ്വേ നമ്പർ 13/5B-യിൽ ഉൾപ്പെട്ട 25.5 ആർ (62.98 സെന്റ്) ഭൂമി അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പോലീസ് വകുപ്പിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മതപരിവർത്തനത്തിന് ലഹരിമരുന്ന് ഉപയോഗപ്പെടുത്തൽ

113 (113) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മതപരിവർത്തനത്തിന് ലഹരിമരുന്ന് ഉപയോഗപ്പെടുത്തുന്നതായി സർക്കാരിന്റെ ഏതെങ്കിലും ഏജൻസി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

അത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.